പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2201 10.10.2011- ലെ മറുപടി

## ബസുകൾ തകർക്കുന്നവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിന് നടപടി

ചോദ്യം | ഉത്തരം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | പെട്രോൾ വില വർധനവിനെ തുടർന്ന് ഈയിടെ സംസ്ഥാനത്തുണ്ടായ രണ്ട് ഹർത്താലുകൾമൂലം കെ.എസ്.ആർ.ടി.സിക്ക് എത്ര ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) യും (ബി) യും | പരിശോധിച്ചിട്ടുണ്ട്. പെട്രോൾ വില വർദ്ധനവിനെ തുടർന്ന് 17.09.2011-ൽ തിരുവനന്തപുരം ജില്ലയിലും 19.09.2011-ൽ സംസ്ഥാന വ്യാപകമായും നടത്തിയ ഹർത്താലുകൾ നിമിത്തം കെ.എസ്.ആർ.ടി.സി.ക്ക് ഏകദേശം 1,35,550/- രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 23 ബസ്സുകളുടെ ചില്ലുകൾ ഹർത്താൽ അനുകൂലികൾ തകർത്ത വകയിലാണ് ഈ നാശനഷ്ടങ്ങൾ ഉണ്ടായിരിക്കുന്നത്. കൂടാതെ ടിക്കറ്റ് വിറ്റുവരവിൽ മുൻ ആഴ്ചയുമായി താരതമ്യം ചെയ്യുമ്പോൾ 5,28,16,178/- രൂപ കോർപ്പറേഷന് നഷ്ടമുണ്ടായതായി കണക്കാക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഹർത്തലുകളിൽ ബസുകൾ തകർക്കുകയുണ്ടായോ; എങ്കിൽ എത്ര ബസുകൾ; ഇപ്രകാരം എത്ര രൂപയുടെ നഷ്ടം സംഭവിച്ചതായി കരുതുന്നുണ്ട്. | | |
| (സി) | കോർപ്പറേഷൻ വക ബസുകൾ തകർക്കുന്നവരിൽ നിന്ന് നഷ്ടം ഈടാക്കുന്നതിനും തക്കതായ ശിക്ഷ നൽകുന്നതിനുമായി ഒരു നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ; | (സി) യും (ഡി) യും | പൊതുമുതൽ നശിപ്പിക്കുന്നതിനെതിരെ നിലവിലുള്ള നിയമപ്രകാരം ശക്തമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. |
| (ഡി) | എങ്കിൽ ഇക്കാര്യം നിയമവിദഗ്ദ്ധരുമായാലോചിച്ച് പ്രാവർത്തികമാക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഹർത്താൽ ദിവസം | വരുമാനം രൂപയിൽ | മുൻ ആഴ്ചയിലെ പ്രസ്തുത ദിവസം | വരുമാനം രൂപയിൽ | വ്യത്യാസം രൂപയിൽ |
|---|---|---|---|---|
| 17.09.2011 | 3,35,11,087 | 10.09.2011 | 4,02,20,843 | 67,09,756 |
| 19.09.2011 | 70,67,926 | 12.09.2011 | 5,31,74,348 | 4,61,06,422 |

സെക്ഷൻ ഓഫീസർ